ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2025 ലെ പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

   **President Draupadi Murmu presented the Padma Awards for 2025.**

2. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Defence Minister Rajnath Singh held discussions with Prime Minister Narendra Modi in the context of the terror attack in Pahalgam.**

3. ഫ്രാൻസിൽ നിന്ന് 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഒപ്പുവച്ചു.

   **India signed a defence agreement to purchase 26 Rafale marine fighter jets from France.**

4. ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുൺ അന്തരിച്ചു.

   **Film director and cinematographer Shaji N. Karun passed away.**

5. എസ്.എസ്.എൽ.സി പരീക്ഷാഫലം മെയ് രണ്ടാം വാരം പ്രഖ്യാപിക്കും.

   **The SSLC examination results will be announced in the second week of May.**

6. ഐ.പി.എല്ലിൽ ഗുജറാത്തിനെതിരെ ടോസ് നേടിയ രാജസ്ഥാൻ, ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**In the IPL, Rajasthan won the toss against Gujarat and chose to field.**

&&&&&&&&&&&&&&&&&&

## PADMA AWARD

ഈ വർഷത്തെ പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന പുരസ്ക്കാര വിതരണ ചടങ്ങിൽ എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി നൽകിയ പത്മവിഭൂഷൺ പുരസ്കാരം അദ്ദേഹത്തിൻറെ മകൾ ഏറ്റുവാങ്ങി. ഡോ.ജോസ് ചാക്കോ പെരിയപ്പുറം, പി.ആർ. ശ്രീജേഷ് എന്നിവർക്ക് പത്മഭൂഷണും കെ. ഓമനക്കുട്ടി അമ്മയ്ക്ക് പത്മശ്രീയും സമ്മാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടുള്ളവർ സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&

## RAJNATH-PM MEET

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങുമായി ന്യൂഡൽഹിയിലെ വസതിയിൽ കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തിന്റെയും അതിനുശേഷമുള്ള നടപടികളുടെയും പശ്ചാത്തലത്തിലായിരുന്നു 40 മിനിറ്റ് നീണ്ട കൂടിക്കാഴ്ച. ഇന്നലെ സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനുമായി രാജ്യരക്ഷാ മന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു. അതേസമയം, ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച 16 പാകിസ്ഥാൻ യൂട്യൂബ് ചാനലുകൾ ഇന്ത്യ നിരോധിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശ പ്രകാരമാണ് നടപടി.

&&&&&&&&&&&&&&&&&&

## INDO-FRANCE RAFALE

ഫ്രാൻസിൽ നിന്ന് 26 റാഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഇന്ന് ഒപ്പുവച്ചു. പ്രതിരോധ മന്ത്രാലയത്തിന്റെയും ഫ്രഞ്ച് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ന്യൂഡൽഹിയിലാണ് കരാർ ഒപ്പിട്ടത്. 26 റാഫേൽ മറൈൻ വിമാനങ്ങളിൽ 22 എണ്ണം സിംഗിൾ സീറ്ററും നാല് എണ്ണം ഡബിൾ സീറ്ററുമായിരിക്കും. ഇവ ഇന്ത്യൻ നാവികസേനയുടെ ആവശ്യകത അനുസരിച്ച് രൂപകൽപ്പന ചെയ്ത് തയ്യാറാക്കും. ഐഎൻഎസ് വിക്രമാദിത്യ, ഐഎൻഎസ് വിക്രാന്ത് തുടങ്ങിയ വിമാനവാഹിനിക്കപ്പലുകളിൽ ഈ യുദ്ധവിമാനങ്ങൾ വിന്യസിക്കും.

&&&&&&&&&&&&&&&&&&

## PAKISTANI NATIONALS

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം സ്വദേശത്തേക്ക് മടങ്ങിയത് 537 പാകിസ്ഥാൻ പൗരൻമാർ. ഇന്ത്യയിൽ താമസിക്കുന്ന പാകിസ്ഥാൻ പൗരത്വമുള്ളവർക്ക് രാജ്യം വിടാനുള്ള സമയപരിധി ഇന്നലെ രാത്രി 10 ന് അവസാനിച്ചിരുന്നു. അട്ടാരി അതിർത്തി വഴി മടങ്ങിയെന്നാണ് ഔദ്യോഗിക കണക്കുകൾ. 1,387 ഇന്ത്യക്കാർ പാകിസ്ഥാനിൽ നിന്ന് മടങ്ങിയെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## MAHA-PAHALGAM ATTACK

മഹാരാഷ്ട്രയിൽ നിന്ന് പാകിസ്ഥാൻ പൗരന്മാരെ തിരിച്ചയയ്ക്കുന്ന പ്രക്രിയ തുടരുകയാണ്. മുംബൈയിൽ ഹ്രസ്വകാല വിസകളിൽ താമസിച്ചിരുന്ന 17 പാകിസ്ഥാൻ പൗരന്മാരെ മുംബൈ പോലീസ് തിരിച്ചയച്ചു. ചികിത്സയിലായിരുന്നവർക്ക് അവരുടെ യാത്രയ്ക്കുള്ള

നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നാളെ വരെ സമയം അനുവദിക്കും.

&&&&&&&&&&&&&&&&&&

## JK- ASSSEMBLY SESSION- PAHALGAM

പഹൽഗാം ഭീകരാക്രമണത്തെ ജമ്മു കശ്മീർ നിയമസഭാ ഏകകണ്ഠമായി അപലപിച്ചു. നിയമസഭയുടെ ഒരു ദിവസത്തെ പ്രത്യേക സമ്മേളനത്തിൽ ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരിയാണ് ഭീകരാക്രമണത്തെ അപലപിച്ചു കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചത്. ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ അന്തിമോപചാരം അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## BJP- CONGRESS

പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ചില കോൺഗ്രസ് നേതാക്കൾ നടത്തിയ പരാമർശങ്ങളെ ബിജെപി അപലപിച്ചു. ഭീകരർ മതം ചോദിച്ചില്ലെന്ന ഇരകളുടെ വാദത്തെ ചില കോൺഗ്രസ് നേതാക്കൾ ചോദ്യം ചെയ്യുന്നുണ്ടെന്ന് മുതിർന്ന ബിജെപി നേതാവ് രവിശങ്കർ പ്രസാദ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യ ഒറ്റക്കെട്ടായി നിൽക്കുമ്പോൾ ചില പ്രതിപക്ഷ നേതാക്കളുടെ ഇത്തരം പരാമർശങ്ങൾ രാജ്യത്തിന്റെ പ്രതിച്ഛായയ്ക്ക് കോട്ടം വരുത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## DELHI-AYUSHMAN VAY VANDANA (INTRO)

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി വയ വന്ദന' പദ്ധതി ഇന്ത്യയിൽ മാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാണെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ഡൽഹിയിൽ, മുഖ്യമന്ത്രി രേഖ

ഗുപ്തയ്ക്കൊപ്പം പദ്ധതിക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. മറ്റ് ആരോഗ്യ പദ്ധതികളിൽ ലഭ്യമല്ലാത്ത പണരഹിത സൗകര്യം ഈ പദ്ധതിയുടെ ഒരു വലിയ സവിശേഷതയാണെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ് )

&&&&&&&&&&&&&&&&&&

## COURT - TAHAWWUR RANA

മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരനായ തഹാവുർ റാണയെ 18 ദിവസത്തെ പോലീസ് കസ്റ്റഡി പൂർത്തിയായതിനെ തുടർന്ന് ഇന്ന് പട്യാലയിലെ പ്രത്യേക എൻ.ഐ.എ കോടതിയിൽ ഹാജരാക്കി. അന്വേഷണം തുടരുന്നതിനായി 12 ദിവസത്തെ കസ്റ്റഡി കൂടി കേന്ദ്ര ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ട്. മുംബൈ പോലീസ് ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ ഡൽഹിയിലെ എൻ.ഐ.എ ഓഫീസിൽ റാണയെ ചോദ്യം ചെയ്യതിന് തൊട്ടുപിന്നാലെയാണ് കോടതിയിൽ ഹാജരാക്കിയത്.

&&&&&&&&&&&&&&&&&&

## SC-OTT CONTENT

OTT പ്ലാറ്റ്ഫോമുകളിലും സമൂഹ മാധ്യമങ്ങളിലും അശ്ലീല ഉള്ളടക്കങ്ങൾ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികൾക്ക് സുപ്രീകോടതി നോട്ടീസയച്ചു. വിഷയം ഗുരുതരമായ ആശങ്കകൾ ഉയർത്തുന്നുണ്ടെന്ന് ജസ്റ്റിസ് ബി ആർ ഗവായിയും ജസ്റ്റിസ് എ ജി മാസിയും ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു. ഇതിനെതിരെ കൂടുതൽ നിയന്ത്രണങ്ങൾ പരിഗണനയിലാണെന്ന് കേന്ദ്ര കേന്ദ്രസർക്കാരും കോടതിയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## WAVES- ARTICLE MURUGAN

മാധ്യമങ്ങളെയും വിനോദ മേഖലയെയും പുനർനിർവചിക്കുന്ന ഒരു പരിവർത്തന പ്രസ്ഥാനമാണ് WAVES ഉച്ചകോടിയെന്ന് കേന്ദ്ര സഹമന്ത്രി എൽ മുരുകൻ. ഇന്ത്യയുടെ മാധ്യമ, വിനോദ വ്യവസായം 2.7 ട്രില്യൺ രൂപയിലേക്ക് അടുക്കുമ്പോൾ, WAVES 2025, സർഗാത്മകത, നവീന ആശയങ്ങൾ, സംരംഭകത്വം എന്നിവയിൽ നേതൃത്വം നൽകാനുള്ള രാജ്യത്തിൻ്റെ ഉദ്ദേശ്യത്തെ സൂചിപ്പിക്കുന്നതായി അദ്ദേഹം ഒരു ലേഖനത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HALO RADIO (INTRO)

മെയ് ഒന്നു മുതൽ നാലു വരെ മുംബൈയിൽ നടക്കുന്ന WAVES ഉച്ചകോടിയിലെ കമ്മ്യൂണിറ്റി കണ്ടൻ്റ് ചാലഞ്ച് ഫൈനലിസ്റ്റായി കേരളത്തിൽ നിന്നുള്ള ഹലോ റേഡിയോ ഇടം നേടി. വിദ്യാഭ്യാസ-സാക്ഷരത പരിപാടി വിഭാഗത്തിലാണ് തൃശൂരിലെ ഹലോ റേഡിയോ 90.8 ഫൈനലിൽ എത്തിയത്. ഹലോ റേഡിയോയുടെ സ്റ്റേഷൻ ഡയറക്ടറായ സൂരജ് രാജ് ആകാശവാണിയോട്....

(വോയ്സ്)

&&&&&&&&&&&&&&&&&&

## SSLC RESULT

എസ് എസ് എൽ സി പരീക്ഷാഫലം മെയ് രണ്ടാം വാരം പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഹയർസെക്കൻഡറി പരീക്ഷ ഫലം സംബന്ധിച്ചുള്ള കാര്യങ്ങൾ പിന്നീട് പ്രഖ്യാപിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## SHAJI N KARUN DEATH

ദേശീയ, അന്തർദേശീയതലങ്ങളിൽ മലയാള സിനിമയെ അടയാളപ്പെടുത്തിയ പ്രശസ്ത സംവിധായകനും ഛായാ ഗ്രാഹകനുമായ ഷാജി എൻ കരുൺ അന്തരിച്ചു. 73 വയസായിരുന്നു. തിരുവനന്തപുരം വഴുതക്കാട്ടെ വസതിയിലായിരുന്നു അന്ത്യം. പിറവി, സ്വം, വാനപ്രസ്ഥം, കുട്ടിസ്രാങ്ക് തുടങ്ങിയ കലാമൂല്യമുള്ള ചിത്രങ്ങൾ അദ്ദേഹത്തിൻ്റേതായി മലയാളത്തിന് ലഭിച്ചു. നിരവധി ദേശീയ - സംസ്ഥാന പുരസ്കാരങ്ങൾക്ക് അർഹനായിട്ടുള്ള ഷാജി എൻ കരുൺ, ചലച്ചിത്ര മേഖലയിലെ കേരള സർക്കാരിൻ്റെ പരമോന്നത ബഹുമതിയായ ജെ സി ഡാനിയേൽ പുരസ്കാരം കഴിഞ്ഞ ആഴ്ചയാണ് ഏറ്റുവാങ്ങിയത്. മലയാള സിനിമയുടെ മുഖവും മുഖശ്രീയുമായിരുന്ന അതുല്യനായ ചലച്ചിത്രാവിഷ്കാരകനെയാണ് ഷാജി എൻ കരുണിൻ്റെ വിയോഗത്തോടെ നഷ്ടമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## AIR ANNIVERSARY

ആകാശവാണി തിരുവനന്തപുരം നിലയത്തിൻ്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങൾ സമാപനത്തിലേക്ക്. സമാപന സമ്മേളനം വഴുതക്കാട് ടാഗോർ തിയറ്ററിൽ കവി ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്തു. ചടങ്ങിന് മുന്നോടിയായി മാധ്യമ ലോകം : വർത്തമാനവും ഭാവിയും എന്ന വിഷയത്തിൽ ചർച്ച നടന്നു. തുടർന്ന് ലയസംഗമം, സംഗീത സന്ധ്യ എന്നിവയും അരങ്ങേറി.

&&&&&&&&&&&&&&&&&&

## IDUKKI -CM

കഴിഞ്ഞ ഒൻപത് വർഷക്കാലയളവിൽ സംസ്ഥാനത്തിൻ്റെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടന്ന ഇടുക്കി ജില്ലാതല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂപതിവ് നിയമ ഭേദഗതിയുടെ ചട്ടങ്ങൾ ഉടൻ രൂപീകരിക്കുമെന്നും ഇതോടെ ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ടോസ് നേടിയ രാജസ്ഥാൻ റോയൽസ്, ഫീൽഡിംഗ് തെരഞ്ഞെടുത്തു. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## SCINDIA-GYAN POST

രാജ്യത്തുടനീളമുള്ള പോസ്റ്റ് ഓഫീസുകൾ വഴി പുസ്തകങ്ങളുടെയും പഠന സാമഗ്രികളുടെയും വിതരണം കുറഞ്ഞ വിലയിൽ സാധ്യമാക്കുന്ന ഗ്യാൻ പോസ്റ്റ് സേവനം കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പ്രഖ്യാപിച്ചു. മെയ് 1 മുതൽ ഈ സേവനങ്ങൾ പ്രവർത്തനക്ഷമമാകുമെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## RUSSIA CEASEFIRE

റഷ്യയിൽ അടുത്ത മാസം നടക്കുന്ന വിജയദിനാഘോഷങ്ങളുടെ 80-ാം വാർഷികത്തോടനുബന്ധിച്ച്, യുക്രൈനിൽ 72

മണിക്കൂർ വെടിനിർത്തൽ പ്രഖ്യാപിച്ച് പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. മെയ് 7 ന് അർദ്ധരാത്രി പ്രാബല്യത്തിൽ വരുന്ന വെടിനിർത്തൽ മെയ് 11 ന് അർധരാത്രി വരെയായിരിക്കുമെന്ന് ക്രെംലിൻ പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&